# കേരള സർക്കാർ

## ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്

## പരിപത്രം

നമ്പർ 13/2023/ധന. *തിരുവനന്തപുരം, 2023 ഫെബ്രുവരി 3.*

വിഷയം:—പാർട്ട്-ടൈം ജീവനക്കാർ/പാർട്ട്-ടൈം അധ്യാപകർ എന്നിവരുടെ പ്രാൺ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള സമയപരിധി 31-3-2023 വരെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:—1. സ. ഉ. (അ.) നമ്പർ 20/2013/ധന. തീയതി 7-1-2013.

2. പരിപത്രം നമ്പർ 106/2014/ധന. തീയതി 16-12-2014.

3. സ. ഉ. (അ.) നമ്പർ 178/2018/ധന. തീയതി 16-11-2018.

4. പരിപത്രം നമ്പർ 27/2022/ധന. തീയതി 31-3-2022.

സംസ്ഥാനത്ത് 31-3-2013 വരെ കെ.എസ്.ആർ. ഭാഗം III ബാധകമായിരുന്ന വിഭാഗങ്ങളിൽ 1-4-2013-നോ അതിനു ശേഷമോ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാക്കി സൂചന 1 പ്രകാരം ഉത്തരവായിട്ടുണ്ട്. പാർട്ട്-ടൈം ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ബാധകമല്ലെന്ന് സൂചന 2 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 1-4-2013-ന് മുൻപ് പാർട്ട്-ടൈം തസ്തികയിലോ പാർട്ട്-ടൈം അധ്യാപക തസ്തികയിലോ നിയമനം ലഭിച്ച് സേവനത്തിൽ തുടരവെ ടി തസ്തികയിൽ നിന്ന് 1-4-2013-നു ശേഷം ഫുൾ-ടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ/ബൈ പ്രമോഷൻ മുഖേന നിയമിതരായിട്ടുള്ള ജീവനക്കാരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സൂചന 3 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പാർട്ട്-ടൈം ജീവനക്കാർ/പാർട്ട്-ടൈം അധ്യാപകർ എന്നിവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വം നേടുന്നതും എൻ.പി.എസ്. വിഹിതം അടവാക്കുന്നതും

GCPT. 4/304/2023/200/S4.

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിഭാഗം ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കുവാനും അവരുടെ എൻ.പി.എസ്. വിഹിതം ഈടാക്കുന്നത് നിർത്തിവക്കാനും ബന്ധപ്പെട്ട നിയമനാധികാരികൾ/ഡി.ഡി.ഒ.-മാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് സൂചന 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകൾ നിലവിലുള്ളപ്പോഴും നിരവധി പാർട്ട്-ടൈം അധ്യാപകർ/ജീവനക്കാർ അവരുടെ പാർട്ട്-ടൈം കാലയളവിൽ എൻ.പി.എസ്. അംഗത്വം നേടുകയും വിഹിതം അടവാക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം എംപ്ലോയർ വിഹിതമായി വലിയൊരു തുക ബ്ലോക്ക് ചെയ്യപ്പെടുന്നതിനു പുറമെ PRA Opening Charges, PRA Maintenance Charges, Transaction Charges തുടങ്ങി സർവ്വീസ് ചാർജ്ജ് ഇനങ്ങളിൽ വലിയ തുക അനാവശ്യമായി സർക്കാർ ചെലവഴിക്കേണ്ടി വരുന്നുണ്ട്. ആയതിനാൽ പാർട്ട്-ടൈം തസ്തികയിൽ ഉൾപ്പെട്ട് പ്രാൺ രജിസ്ട്രേഷൻ നേടുകയും പിന്നീട് ഫുൾ-ടൈം ആനുകൂല്യം അനുവദിക്കപ്പെടുകയും ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ നിലവിലുള്ള പ്രാൺ തുടരാവുന്നതാണെന്നും അവരുടെ പാർട്ട്-ടൈം കാലയളവിൽ അടവാക്കിയ തുക തിരികെ ലഭിക്കുന്നതിന് ധനവകുപ്പിന്റെ അനുമതി ആവശ്യമില്ലെന്നും ഉത്തരവാകുന്നു. ഫുൾ-ടൈം ആനുകൂല്യം അനുവദിക്കപ്പെടാത്ത പാർട്ട്-ടൈം ജീവനക്കാർ/പാർട്ട്-ടൈം അധ്യാപകർ അവരുടെ പ്രാൺ രജിസ്ട്രേഷൻ 31-3-2023-നകം റദ്ദ് ചെയ്യേണ്ടതാണ്. ഇതിനുള്ള സമയപരിധി ഇനി നീട്ടി നൽകുന്നതല്ല. ഓഫീസ് തലവൻമാർ, DDO-മാർ എന്നിവർ ഈ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം പാർട്ട്-ടൈം ജീവനക്കാർ/അധ്യാപകർ അനർഹമായി എൻ.പി.എസ്. അംഗത്വം നേടുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

ഷിബു, എ.,
*അഡീഷണൽ സെക്രട്ടറി (ധനകാര്യം).*

ഡയറക്ടർ (സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടറിയേറ്റ്, ന്യൂഡൽഹി-110 001.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്.

മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ചീഫ് സെക്രട്ടറി, കേരള സർക്കാർ.

സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2307985/NPS-A2/11/2023-FIN).